**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- പന്തളം, വളാഞ്ചേരി നഗരസഭാ സെക്രട്ടറിമാരുടെ പേരിൽ പന്തളം, വളാഞ്ചേരി സബ് ട്രഷറികളിൽ പലിശ സഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം.9071/2018/ധന** തിരുവനന്തപുരം, തീയതി **02/11/2018**

---

പരാമർശം:- 1. 03/08/2018 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ പി.എഫ്.2-62/03 നമ്പരായുള്ള കത്ത്.

2. ഭരണ വകുപ്പ് ഫയൽ നം. LSGD-FM1/237/2018-LSGD Computer No. 931880

**ഉത്തരവ്**

2005 ലെ കേരള മുനിസിപ്പാലിറ്റി (മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട്) ചട്ടങ്ങൾ പ്രകാരം നഗരസഭാ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ ഈടാക്കുന്ന പ്രതിമാസ വരിസംഖ്യ, വായ്പാ തിരിച്ചടവ്, ക്ഷാമബത്ത-ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള TP-509 നമ്പർ അക്കൗണ്ടിൽ സെൻട്രൽ പ്രോവിഡന്റ് ചട്ടം 15(1)ൽ അനുശാസിച്ചിട്ടുള്ളത് പ്രകാരം നിക്ഷേപിക്കുകയാണെന്നും പുതിയതായി രൂപീകൃതമായ ചില നഗരസഭകൾക്ക് സി.പി.എഫ്. ചട്ടം അനുശാസിക്കും പ്രകാരം ബന്ധപ്പെട്ട ട്രഷറികളിൽ അക്കൗണ്ട് ആരംഭിക്കുകയും, പ്രൊവിഡന്റ് ഫണ്ട് വിഹിതം സി.പി.എഫ്-ലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നുണ്ടെന്നും എന്നാൽ, പന്തളം, വളാഞ്ചേരി നഗരസഭകളിൽ പി.എഫ്. സംബന്ധമായ തുക നിക്ഷേപിക്കുന്നതിന് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും, ആയതിനാൽ പന്തളം, വളാഞ്ചേരി നഗരസഭാ ജീവനക്കാരുടെ പി.എഫ്. സംബന്ധമായ ചെലവുകൾക്ക് അനുവദിക്കുന്ന തുക നിക്ഷേപിക്കുന്നതിന് ടി നഗരസഭാ സെക്രട്ടറിമാരുടെ പേരിൽ പന്തളം, വളാഞ്ചേരി സബ് ട്രഷറിയിൽ അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വെറ്ററിനറി സർവ്വകലാശാലയിൽ ജീവനക്കാരുടെ പി.എഫ്. സംബന്ധമായ തുക നിക്ഷേപിക്കുന്നതിന് പന്തളം, വളാഞ്ചേരി നഗരസഭാ സെക്രട്ടറിമാരുടെ പേരിൽ പന്തളം, വളാഞ്ചേരി സബ് ട്രഷറികളിൽ പലിശ സഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ നിക്ഷേപിക്കുന്ന തുകയ്ക്ക് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പ്രൊവിഡന്റ് ഫണ്ട് വിഹിതത്തിന് നൽകുന്ന പലിശ നിരക്ക് അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ് (e-file No: LSGD-FM1/237/2018-LSGD Computer No. 931880 പ്രകാരം)

ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ